## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *443 — 15.11.2019 ലെ മറുപടിക്ക്

### നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് നിർമ്മിച്ച ഫ്ലാറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.കെ.എം.ഷാജി | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് നിർമ്മിച്ച ഫ്ലാറ്റുകളുടെയും വൻകിട കെട്ടിട സമുച്ചയങ്ങളുടെയും കാര്യത്തിൽ സർക്കാരിന്റെ നയമെന്താണെന്ന് വ്യക്തമാക്കുമോ; | (എ) നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾക്കെതിരെ ചട്ടം അനുശാസിക്കുന്ന തുടർനടപടികൾ സ്വീകരിക്കണമെന്നതാണ് സർക്കാരിന്റെ നയം. |
| (ബി) അത്തരം നിർമ്മിതികളുടെ കണക്കെടുപ്പ് നടത്താൻ ഏതെങ്കിലും ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നല്കാമോ; | (ബി) 16.10.2019-ലെ സ.ഉ.(സാധാ)നം.98/2017/ പരി., 17.10.2019-ലെ സ.ഉ.(സാധ)നം.101/ 2019/പരി. എന്നീ ഉത്തരവുകൾ പ്രകാരം തീരദേശപരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മിച്ച കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ കമ്മിറ്റി വിവരശേഖരണം പൂർത്തിയാക്കിയിട്ടില്ല. |
| (സി) നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാതെ ഒത്താശചെയ്തു കൊടുത്ത ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരം ശേഖരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവർക്കെതിരെ ശിക്ഷണ നടപടി ആലോചനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), നിർമ്മാണ ചട്ടങ്ങൾ പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാതല വിജിലൻസ് സ്ക്വാഡുകൾ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ എന്നിവർ നടത്തുന്ന പരിശോധനകളിൽ ഉദ്യോഗസ്ഥരുടെ പങ്ക് വ്യക്തമാകുന്ന പക്ഷം ഇവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ